കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കുമ്മിൾ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി8-380/2017 കേരള സംസ്ഥാനസ ഓഡിറ്റ് വകുപ്പ്,

ജില്ലാ കാര്യാലയം, കൊല്ലം,

തീയതി.14-02-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമ്മിൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചിറക്കര ഗ്രാമ പഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി8-380/2017 തിയ്യതി:14-02-2017

കൊല്ലം ജില്ലയിലെ കുമ്മിൾ ഗ്രാമപഞ്ചായത്തിന്റെ

2015-206 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.06.2016മുതൽ 20.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി.എം.ഗീത	ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	18.01.2017 മുതൽ 25.01.207 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.വി.മണിലാൽ	ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
	ശ്രീ.ജഗദീശ്.എസ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

	ശ്രീ.ചന്ദ്രപ്രകാശ്.സി	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ.ശരത്ത്.എസ്	ഓഡിറ്റർ
(ബി) നിർവ്വഹണാധികാരികൾ		
പ്രസിഡന്റ്	ശ്രീ. നസീർ	01.04.2015മുതൽ 01.11.2015 വരെ
	അഡ്ഹോക്ക് കമ്മിറ്റി	01.11.2015 മുതൽ 11.11.2015 വരെ
	ശ്രീമതി.നസീറാബീവി	12.11.2015 മുതൽ 31.03.2016 വരെ
സെക്രട്ടറി	ശ്രീ.സുന്ദരേശൻ പിള്ള	01.04.2015മുതൽ 31.03.2016വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ.സുധികുമാർ.എസ്	01.04.2015 മുതൽ 31.03.2016വരെ
കൃഷി ഓഫീസർ	ശ്രീ.വിജയചന്ദ്രൻ.എസ്	01.04.2015മുതൽ 08.06.2015വരെ
	ശ്രീമതി.ശോഭിതാബീവി	08.06.2015 മുതൽ 31.03.2016വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഡോ.സജീന ബീഗം	01.04.2015മുതൽ 31.03.2016 വരെ
മെഡിക്കൽ ഓഫീസർ (ആയൂർ വേദം)	ഡോ.ഹേമലത	01.04.2015മുതൽ 31.03.2016 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.ജോയ്.എസ്.ഡി	01.04.2015മുതൽ 31.03.2016 വരെ
വിഇ.ഒ.	ശ്രീ.പത്മകുമാർ	01.04.2015മുതൽ 08.03.2016 വരെ
വിഇ.ഒ.	ശ്രീ.രതീഷ് കുമാർ	08.03.2016 മുതൽ 31.03.2016വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.ഗിരിജാകുമാരി.എസ്	01.04.2015മുതൽ 31.03.2016 വരെ

വെറ്റിനറി സർജൻ	ഡോ.ദീപ്തി	01.04.2015മുതൽ 17.06.2015 വരെ
	ഡോ. സുഭാഷ്	17.06.2015 മുതൽ 31.03.2016വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ. വിനയ ചന്ദ്രൻ	01.04.2016മുതൽ31.03.2016 വരെ
പ്രധാന അദ്ധ്യാപിക	ശ്രീമതി.എം.നെസിയാനത്ത്	01.04.2015മുതൽ31.03.2016 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1.4
5	ഫണ്ട് വിശകലനം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	കാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-11
	ഭാഗം 2	
12	അനുവദനീയമായ കവറേജ് (വ്യാപ്തി) കടന്ന് നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യ കെട്ടിടത്തിനു നമ്പരിട്ടു നൽകി.	2-1
13	വാണിജ്യാവശ്യത്തിനായി നമ്പർ നേടിയശേഷം കെട്ടിടത്തിന്റെ ഘടനയിലും ഉപയോഗക്രമത്തിലും പഞ്ചായത്തിന്റെ അനുമതിയില്ലാതെ മാറ്റം വരുത്തി.	2-2
14	യഥാർത്ഥ തറവിസ്തീർണ്ണം കണക്കാക്കാതെ കെട്ടിട നികുതി ഈടാക്കി-പഞ്ചായത്ത് ഫണ്ടിനു നഷ്ടം.	2-3

15	ഈ ടെണ്ടർ- ടെണ്ടർ വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു- 125040/-രൂപയുടെ നഷ്ടം.	2-4
16	ചട്ടങ്ങൾ പാലിക്കാതെ നിലവിലുള്ള ഓഡിറ്റോറിയത്തിന്റെ തറവിസ്തീർണ്ണം ഉയർത്തി-പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു.	2-5
ഭാഗം 3		
17	നടപ്പാറ കുടിവെള്ള പദ്ധതി -ജലലഭ്യത ഉറപ്പുവരുത്താതെ ജലവിതരണസംവിധാനമൊരുക്കിയതുമൂലം 3,49,790/-രൂപ പാഴായി.	3-1
18	കുമ്മിൾ ആയുർവേദ ഡിസ്പെൻസറിയിൽ കുഴൽക്കിണർ നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചില്ല	3-2
16	മരാമത്ത് പണികളിൽ കാലതാമസം-പിഴ ഈടാക്കിയില്ല- 76,964/-രൂപയുടെ നഷ്ടം.	3-3
17	റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു - 87,958/-രൂപയുടെ നഷ്ടം.	3-4
18	ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം നൽകിയത്-വിനിയോഗസാക്ഷ്യപത്രമില്ല	3-5
19	ലഹരിവിമുക്ത പഞ്ചായത്ത് - പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു	3-6
20	പാലിയേറ്റീവ് പദ്ധതി മരുന്നുവാങ്ങൽ-10,961/--രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.	3-7
21	പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.	3-8
22	നാലാം തരം തുല്യത –പാഠപുസ്തക വിതരണം പരീക്ഷയ്ക്കുശേഷം	3-9
23	എസ്.എ്സ്.എ. വിഹിതം വിനിയോഗ വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.	3-10
24	ക്ലബ്ബുകൾക്ക് കളിയുപകരണങ്ങൾ - നടപടിക്രമങ്ങൾ സുതാര്യമല്ല	3-11
25	പച്ചക്കറി കൃഷി - പദ്ധതി നിർവ്വഹണം മാർഗ്ഗരേഖയ്ക്ക് അനുസൃതമായി	3-12
26	സ്വന്തം പേരിൽ ഓട്ടോറിക്ഷ ഉള്ള ആൾക്ക് ഓട്ടോ വാങ്ങാൻ ധനസഹായം 50000/- രൂപ	3-13
27	പ്രോജക്ടിൽ പരാമർശിക്കാത്ത ഗ്രന്ഥശാലകൾക്ക് പുസ്തക വിതരണം - 26252/- രൂപ	3-14

28	റിവോൾവിംഗ് ഫണ്ട് - അനുവദിച്ച തുക പരിമിതം - പദ്ധതി നിർവ്വഹണം ക്രിയാത്മകമാകുന്നില്ല	3-15
	ഭാഗം 4	
29	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
30	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുട വിവരങ്ങൾ	4-2
31	മൊബിലൈസേഷൻ അഡ്വാൻല് നൽകിയത്	4-3
32	സ്ഥിര നിക്ഷേപങ്ങൾ	4-4
33	വായ്പ/വായ്പ തിരിച്ചടവ്	4-5
34	ഓഡിറ്റ് റിക്കവറി	4-6
35	സ്ഥിര നിക്ഷേപങ്ങൾ	4-6
36	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികയുടെ വിവരങ്ങൾ	4-7
37	ഓഡിറ്റ് പ്രത്യവലോകനം	4-8
38	തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
39	ഓഡിറ്റ് സർട്ടിഫിക്കറ്റ്	4-10

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 28.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
30.07.2016	20.05.2016

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച	സർട്ടിഫിക്കറ്റ് നമ്പർ/തീയതി

	തീയതി	
2015-16	25-11-2016	നം.കെ.എസ്.എ.കെ.എൽ.എം. പി8-380/2017 തീ.14-02-2017

1. ആസ്തികളുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.
2. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.
3. സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.
4. പെർമിറ്റ് ഫീ രജിസ്റ്റർ പ്രകാരമുള്ള വരവും ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	19923943
വരവ്	30610853
ആകെ	50534796
ചെലവ്	45412159
നിക്കിയിരിപ്പ്	5122637

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	4475600	7388853	11864453	11864453	0	100%
വികസനഫണ്ട് എസ്.സി.പി.	1378520	2779992	4158512	4158512	0	100%
സംരക്ഷണഗ്രാന്റ് റോഡ്	1139397	4692945	5832342	5832342	0	100%
സംരക്ഷണഗ്രാന്റ് നോൺറോഡ്	1260231	1833919	3094150	3094150	0	100%
13-ാം ധനകാര്യ	2735707	2856595	5592302	5592302	0	100%

കമ്മീഷൻ ഗ്രാന്റ്						
പെർഫോമൻസ് ഗ്രാന്റ്	3087239	0	3087239	2570470	516769	83.2%
എം.എൻ.ആർ.ഇ.ജി.എസ്.	114468	14058611	14173079	14173079	0	100%
ബി ഫണ്ട്		26043722	26043722	26043722	0	100%

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
167	5,74,99,645	125	3,59,54,186	22	20	62.53

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളിൽ ചിലത്

1. മീഡിയാശ്രീ
2. ദർപ്പക്കാട് റേഡിയോ കിയോസ്ക് മെയിന്റനൻസ്
3. ലൈബ്രറികൾക്ക് ഫർണ്ണീച്ചർ

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.92%ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	3428063	1922278	1505785	-43.92%
നികുതിയേതര വരവുകൾ	1948854	970050	978804	-50.22%
മറ്റുവരവുകൾ	5748172	6015674	267502	5.8+
ആകെ	11125089	8908002	2217087	-19.92%

തൻവർഷം പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ വൻ കുറവ് സംഭവിച്ചിരിക്കുന്നു. നികുതി വരുമാനം വർദ്ധിപ്പിക്കുന്നിതിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ 21.01.2017സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ53222രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	289080	190
കർഷകതൊഴിലാളി പെൻഷൻ	1833750	217
വിധവാപെൻഷൻ	10790960	1121
വാർദ്ധക്യകാലപെൻഷൻ	10265580	1482
വികലാംഗപെൻഷൻ	2558795	258
വിവാഹ ധനസഹായം	256560	25

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.01.2017	ഡിസംബർ 2016	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	29.02.2016 മുതൽ 05.03.2014 വരെ	2010-2011 മുതൽ 2014-2015 വരെ	30.05.2016

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 അനുവദനീയമായ കവറേജ് (വ്യാപ്തി) കടന്ന് നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യ കെട്ടിടത്തിനു നമ്പരിട്ടു നൽകി.

അനുവദനീയമായ കവറേജ് (വ്യാപ്തി) കടന്ന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ രണ്ടാം വാർഡിൽ ശ്രീമതി. സുൽഫത്ത് ബീവി, ഷഫർ മൻസിൽ, മുക്കുന്ന, കടയ്ക്കൽ എന്നിവരുടെ പേരിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിട നമ്പർ (കെട്ടിട നം.570)അനുവദിച്ചു നൽകിയിരിക്കുന്നു. ശ്രീമതി. സുൽഫത്ത് ബീവി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിന്റെ കവറേജ് 60% എന്ന് കാണിച്ചിട്ടുണ്ട്. 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കുമ്മിൾ പഞ്ചായത്ത് ഉൾപ്പെടുന്ന കാറ്റഗറി-II പഞ്ചായത്തുകളിൽ വാണിജ്യാവശ്യത്തിനായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ കവറേജ് (വ്യാപ്തി) 55% ൽ പരിമിതപ്പെടുത്തേണ്ടതും അതിൽ കൂടുതൽ കവറേജ് (വ്യാപ്തി)വരുന്ന കെട്ടിടങ്ങളെ അനുവദിക്കാൻ പാടില്ലായെന്നിരിക്കെ ശ്രീമതി. സുൽഫത്ത് ബീവിയുടെ കെട്ടിടം ക്രമവത്കരിച്ചു നമ്പർ അനുവദിച്ചു നൽകിയത് ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തുണ്ടായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനായി ശ്രീമതി. സുൽഫത്ത് ബീവി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം 368 m2 പ്ലോട്ടു വിസ്തീർണ്ണത്തിൽ പണിതിട്ടുള്ള മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് 102 m2തറവിസ്തീർണ്ണവും ഒന്നാമത്തെ നിലയ്ക്ക് 176.5 m2 തറവിസ്തീർണ്ണം ഉള്ളതായി കാണിച്ചിരുന്നു. എന്നാൽ കെട്ടിടം പരിശോധിച്ചിരുന്ന പഞ്ചായത്ത് ക്ലർക്ക് നിർമ്മാണം സമർപ്പിച്ചിട്ടുള്ള കംപ്ലീറ്റഡ് പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടാണന്നും താഴത്തെ നിലയുടെയും ഒന്നാമത്തെ നിലയുടെയും തറവിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതായും റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ പ്ലാൻ മാറ്റി സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ശ്രീമതി. സുൽഫത്ത് ബീവി പുതുക്കിയ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയത് സെക്രട്ടറി പരിശോധനയ്ക്കായി എൽ.എസ്.ജി.ഡി.സെക്ഷനു കൈമാറുകയും ചെയ്തിരുന്നു.

പുതുക്കി സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രാകാരം മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്കും ഒന്നാം നിലയ്ക്കും 218 m2 വീതം തറവിസ്തീർണ്ണം ഉണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 368 m2 ആണ് എന്നുള്ള രേഖകളും സമർപ്പിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കെട്ടിടത്തിന്റെ കവറേജ് (വ്യാപ്തി) ചുവടെ ചേർക്കും പ്രകാരം കണക്കാക്കാവുന്നതാണ്.

കവറേജ് (വ്യാപ്തി) = ഏതൊരു നിലയുടെയും പരമാവധി നിർമ്മിത വിസ്തീർണ്ണം X 100

പ്ലോട്ട് വിസ്തീർണ്ണം

= 218 X100

368

= 59.23%

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം കാറ്റഗറി-II പഞ്ചായത്തുകളിൽ വാണിജ്യാവശ്യത്തിനായി പണിയുന്ന കെട്ടിടങ്ങൾക്ക് അനുവദിക്കാവുന്ന കവറേജ് (വ്യാപ്തി)55% മാത്രമാണ്. അതിൽ കൂടുതൽ കവറേജ് (വ്യാപ്തി)വരുന്ന കെട്ടിടങ്ങൾ അനുവദിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ പ്ലാൻ

പരിശോധിച്ചിട്ടുള്ള അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി., മേൽ കെട്ടിടം 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ വ്യക്തമായി ലംഘിക്കപ്പെട്ടിട്ടുള്ള ശ്രീമതി. സുൽഫത്ത് ബീവിയുടെ കെട്ടിടത്തിനു അനുകൂലമായി അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി., റിപ്പോർട്ട് നൽകിയത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടം ഉടനടി അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് കത്ത് നൽകേണ്ടതും കെട്ടിടം ക്രമവത്കരിക്കപ്പെടുന്നതുവരെ അനധികൃത നിർമ്മാണങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഈടാക്കേണ്ടതായ നികുതി ചുമത്തേണ്ടതുമാണ്. കെട്ടിട ഉടമ ക്രമവത്കരണത്തിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിനു സെക്രട്ടറി നടപടിയെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2-2 <u>വാണിജ്യാവശ്യത്തിനായി നമ്പർ നേടിയശേഷം കെട്ടിടത്തിന്റെ ഘടനയിലും ഉപയോഗക്രമത്തിലും പഞ്ചായത്തിന്റെ അനുമതിയില്ലാതെ മാറ്റം വരുത്തി.</u>

ഗ്രാമപഞ്ചായത്തിന്റെ VIIാം വാർഡിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ശ്രീമതി.സുമരാജൻ, എസ്.ആർ.മന്ദിരം, ഭരതന്നൂർ പി.ഒ. എന്ന വ്യക്തിയുടെ കെട്ടിടം വാണിജ്യാവശ്യത്തിവുള്ള കെട്ടിടം എന്ന നിലയിൽ പഞ്ചായത്തിൽ നിന്നും നമ്പർ നേടിയ ശേഷം കെട്ടിടത്തിന്റെ ഘടനയിലും ഉപയോഗക്രമത്തിലും പഞ്ചായത്തിന്റെ അനുമതിയില്ലാതെ മാറ്റം വരുത്തി ഉപയോഗിക്കുന്നതായി ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ശ്രീമതി.സുമരാജൻ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം 2 നിലകളുള്ള മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതായും ഒന്നാമത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നും കാണിച്ചിട്ടുണ്ട്. താഴത്തെ നിലയിലെ കടമുറികൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ എന്ന് കാണിച്ച് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ (609 മുതൽ 615 വരെ)നേടിയിട്ടുമുണ്ട്. മേൽ കെട്ടിടത്തിൽ ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കംപ്ലീറ്റഡ് പ്ലാൻ പ്രകാരം പാർക്കിംഗ് ഏരിയ എന്നു കാണിച്ചിട്ടുള്ള സ്ഥലം ഷട്ടർ ഇട്ട് കടമുറികളായി മാറ്റിയിരിക്കുന്നു. തൻമൂലം ചട്ട പ്രകാരമുള്ള പാർക്കിംഗ് ഏരിയ ലഭ്യമല്ല.

2.രണ്ടാമത്തെ നില പൂർത്തീകരിക്കപ്പെട്ടിട്ടില്ലായെന്ന് പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിലും പ്രാദേശിക പരിശോധനയിൽ ഒരു ഭാഗം പൂർണ്ണമായും നിർമ്മിച്ച് താമസത്തിനായി മാസവാടകയ്ക്ക് നൽകിയിരിക്കുന്നു.

3.പൂർത്തീകരണ പ്ലാൻ പ്രകാരം താഴത്തെ നില ഇടഭിത്തികളോടു കൂടിയ കടമുറികൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഈ

കടമുറികൾ ലോഡ്ജിംഗ് ആവശ്യത്തിനായി ഉപയോഗിക്കുന്നതായും ഇടഭിത്തികളിൽ വാതിലുകൾ നിർമ്മിച്ച് മുറികൾ പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

വാണിജ്യാവശ്യത്തിവുള്ള കെട്ടിടം എന്ന നിലയിൽ പഞ്ചായത്തിൽ നിന്നും നമ്പർ നേടിയ ശേഷം കെട്ടിടത്തിന്റെ ഘടനയിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തി താമസാവശ്യത്തിനായി ഉപയോഗിക്കുന്നത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ മേൽ വ്യക്തിയിൽ നിന്നും പുതുക്കിയ പ്ലാൻ ആവശ്യപ്പെടേണ്ടതും അതിനു ശേഷം മാത്രം കെട്ടിടം ക്രമവത്കരിച്ചു നൽകേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗത്തിലിരിക്കുന്ന ഒന്നാം നിലയുടെ ഭാഗം ക്രമവത്കരിക്കുവാൻ കത്തു നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2-3 <u>യഥാർത്ഥ തറവിസ്തീർണ്ണം കണക്കാക്കാതെ കെട്ടിട നികുതി ഈടാക്കി-പഞ്ചായത്ത് ഫണ്ടിനു നഷ്ടം</u>

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 2(എഫ്) പ്രകാരം കെട്ടിട നികുതി കണക്കാക്കുന്നതിലേക്കായി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം എടുക്കുമ്പോൾ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പടെ) വിസ്തീർണ്ണം അളക്കേണ്ടതും ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ ഈ ചട്ടങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

ക്രമ നം	വാർഡ്/ കെട്ടിട നം	കംപ്ലീറ്റഡ് പ്ലാൻ പ്രകാരം ആകെ തറവിസ്തീർണ്ണം	കെട്ടിട നികുതിക്കായി കണക്കാക്കിയിട്ടുള്ള തറവിസ്തീർണ്ണം	തറവിസ്തീർണ്ണത്തിൽ വന്നിട്ടുള്ള കുറവ്
1.	V/600,601,602	232.96 m2	178.26m2	54.7m2
2.	II/579, 580, 581, 582, 583	113m2	90.4m2	22.6m2
3.	II/577	91.5m2	73.2m2	18.3m2

കുറവു വന്നിട്ടുള്ള തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി കെട്ടിട നികുതി പുതുക്കി നിർണ്ണയിക്കേണ്ടതും കുടിശ്ശിക പലിശ സഹിതം കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതുമാണ്.അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2-4 <u>ഈ ടെണ്ടർ– ടെണ്ടർ വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു**- 125040/-**രൂപയുടെ നഷ്ടം.</u>

2015-16 വർഷം 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള13 മരാമത്ത് പ്രവൃത്തികൾ ഈ- ടെണ്ടറിലൂടെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മേൽ

പ്രവൃത്തികൾക്കുള്ള ടെണ്ടർ ഫോം വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നാളിതുവരെ ലഭിച്ചിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 2015-16 വർഷം 119085/-രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

ഈ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ടെണ്ടർ ഫോം വില ചെലാൻ മുഖേന എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ അടവാക്കുകയും ആയതിനു ശേഷം മേൽ ചെലാൻ നമ്പർ ഉപയോഗിച്ച് വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺ ലോഡ് ചെയ്തെടുക്കുകയുമാണ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ നിന്നും ലഭിക്കുന്ന തുകയിൽ നിയമപ്രകാരം വാറ്റ് ഇനത്തിൽ സർക്കാരിനു ലഭിക്കേണ്ട തുക സർക്കാരിലേക്ക് ഒടുക്കിയ ശേഷം ബാക്കി തുക അതാത് പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് കൈമാറേണ്ടതാണ്. ഇപ്രാകാരം ഈ-ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ 2015-16 വർഷം പഞ്ചായത്തിനു ലഭിക്കേണ്ട തുകയുടെ വിശദാംഷങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേരും	അടങ്കൽ തുകയും	ടെണ്ടർ ഫോം വില	ഈ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള വ്യക്തികളുടെ എണ്ണം	പഞ്ചായത്തിനു ലഭിക്കേണ്ട ആകെ തുക
1.	തച്ചോണം മംഗളം കോളനി റോഡ് ടാറിംഗ്	1100000	5000	1	5000
2.	പുല്ലുപണ അംഗൻവാടി നിർമ്മാണം	1200000	5000	1	5000
3.	എറ്റിമൂട് അംഗൻവാടി നിർമ്മാണം	1200000	5000	2	10000
4.	കൊണ്ടോട്ടി ഉണ്ണിമുക്ക് കുടിവെള്ള പദ്ധതി	1200000	5000	1	5000
5.	കൊച്ചുകുന്ന് ചെറുകോട് റോഡ് ടാറിംഗ്	1341000	5000	3	15000
6.	മുല്ലക്കര ഹെൽത്ത് സെന്റർ കുന്നിക്കട റോഡ് ടാറിംഗ്	1069000	5000	3	15000
7.	അഞ്ജുമലക്കുന്ന് മംഗലം കോളനി റോഡ് ടാറിംഗ്	1523000	5000	2	10000

8.	തൃക്കുന്നപുരം മിച്ചഭൂമി റോഡ് ടാറിംഗ്	1074000	5000	2	10000
9.	പുള്ളിപ്പച്ച തൃക്കുന്നപുരം റോഡ് ടാറിംഗ്	1074000	5000	2	10000
10	പ്ലാവറ പൊയ്ക്ക തച്ചോണം റോഡ് റീടാറിംഗ്	1236000	5000	3	15000
11.	മുല്ലക്കര വട്ടത്താമര റോഡ് റീടാറിംഗ്	830000	1700	3	5100
12.	കുംമ്പളം മുക്കട റോഡ് റീടാറിംഗ്	1000000	2000	4	8000
13.	കുമ്മിൾ എൽ.പി.എസ്-ന് സംരക്ഷണ ഭിത്തി നിർമ്മാണം	920000	1995	3	5985
ആകെ					119085/-

മേൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ നാളിതുവരെയായി ഗ്രാമപഞ്ചായത്ത് അധികാരികൾ സ്വീകരിച്ചിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 119085/- രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു. ഈ തുക ഗ്രാമപഞ്ചായത്തിനു തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5 <u>ചട്ടങ്ങൾ പാലിക്കാതെ നിലവിലുള്ള ഓഡിറ്റോറിയത്തിന്റെ തറവിസ്തീർണ്ണം ഉയർത്തി-പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ VIIIാം വാർഡിൽ പ്രവർത്തിക്കുന്ന ശ്രീ.ഇ.കെ.ഷാഫി, പാരഡൈസ്,കുമ്മിൾ എന്ന വ്യക്തിയുടെ പേരിലുള്ള ബി.എസ്. ഓഡിറ്റോറിയത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃത നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നു. ഈ നിർമ്മാണങ്ങൾ നാളിതുവരെ ക്രമവത്കരിക്കപ്പെടാതിരുന്നതിനാൽ മേൽ ഓഡിറ്റോറിയത്തിൽ നിന്നും കെട്ടിട നികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുകയിൽ കുറവു വന്നിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം ശ്രീ.ഇ.കെ.ഷാഫിയുടെ ഉടമസ്ഥതയിലുള്ള ബി.എസ്. ഓഡിറ്റോറിയത്തിന് (കെട്ടിട നം.251,252) ആകെ 516 m2 തറവിസ്തീർണ്ണം ഉള്ളതായി കാണിച്ചിട്ടുണ്ട്. ഈ ഓഡിറ്റോറിയത്തിന്റെ നിലവിലെ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനായി 20/01/17 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.07 ന് മറുപടിയായി ഓഡിറ്റോറിയത്തിനു ആകെ 905.42 m2 തറവിസ്തീർണ്ണം ഉള്ളതായി അസിസ്റ്റന്റ് എൻജിനീയർ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങൾ (389.42 m2 വിസ്തീർണ്ണത്തിലുള്ളവ)

ക്രവത്കരിക്കുന്നതിനായി യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

മേൽ ഓഡിറ്റോറിയത്തിൽ അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറി കെട്ടിട ഉടമയ്ക്ക് ഉടനടി കത്തു നൽകേണ്ടതാണ്. കെട്ടിട ഉടമയിൽ നിന്നും അനുകൂലമായ നടപടികൾ ഉണ്ടാകാതിരുന്നാൽ ഈ കെട്ടിടത്തെ അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കുള്ള "യു.എ." നമ്പർ നൽകേണ്ടതും കെട്ടിടം റഗുലറൈസ് ചെയ്യപ്പെടുന്നതുവരെ 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട കെട്ടിട നികുതി വസൂലാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 നടപ്പാറ കുടിവെള്ള പദ്ധതി -ജലലഭ്യത ഉറപ്പുവരുത്താതെ ജലവിതരണസംവിധാനമൊരുക്കിയതുമൂലം **3,49,790/-**രൂപ പാഴായി.

നടപ്പാറയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി കുഴൽക്കിണർ നിർമ്മിച്ച് പൈപ്പുകളും പി.വി.സി. ടാങ്കും സ്ഥാപിച്ച് ജലവിതരണസംവിധാനമൊരുക്കാൻ വിഭാവനം ചെയ്ത പദ്ധതിയ്ക്കായി 2013-14-ലെ പ്രോജക്റ്റ് നം. 98/14പ്രകാരം 4,00,000/- രൂപ ലോകബാങ്ക് ധനസഹായം വകയിരുത്തി. ഭൂജലവകുപ്പ്, കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം ഡെപ്പോസിറ്റ് വർക്കായി 48,773/- രൂപ ചെലവഴിച്ച്കുഴൽക്കിണർ സ്ഥാപിച്ചു. (ഡി.ഡി.നം 271336/17.3.2014).തുടർന്ന് 2014-15-ൽ സ്പിൽ ഓവറായി (പ്രോജക്റ്റ് നം. 83/15) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വണോദ്യോഗസ്ഥനായി ടെണ്ടർ നടപടിയിലൂടെ 2,96,839/ രൂപ ചെലവഴിച്ച് (ബിൽ നം.7/14-15/17.12.14) 594 മീറ്റർ നീളത്തിൽ ജലവിതരണപൈപ്പുകളും പി.വി.സി. വാട്ടർ ടാങ്കും സ്ഥാപിച്ചു.തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 134/16(സ്പിൽ ഓവർ) പ്രകാരം 52,951/- രൂപ ചെലവഴിച്ച് പമ്പ് സെറ്റും സ്ഥാപിച്ചു.എന്നാൽ പമ്പിംഗ് തുടങ്ങിയതോടെ കുഴൽക്കിണറിൽ മതിയായ ജലലഭ്യതയില്ലെന്ന് ബോധ്യപ്പെട്ടതിനാൽ പദ്ധതി ലക്ഷ്യം കാണാതെ പോയി. കുഴൽക്കിണർ നിർമ്മിച്ചതിനുശേഷം വേണ്ടത്ര പരിശോധനനടത്തി തുടർച്ചയായ ജലലഭ്യത ഉറപ്പുവരുത്താതെയാണ് 3,49,790/- രൂപ ചെലവഴിച്ച് ജലവിതരണപൈപ്പുകളും ടാങ്കും പമ്പുസെറ്റും സ്ഥാപിച്ചത്. ഇതുവഴി 3,49,790/- പദ്ധതിപ്പണം പാഴായി. ഇതിൽ പഞ്ചായത്തുകമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിപ്പണം വേണ്ടത്ര ജാഗ്രതയില്ലാതെ ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

1.

3-2 കുമ്മിൾ ആയുർവേദ ഡിസ്പെൻസറിയിൽ കുഴൽക്കിണർ നിർമ്മാണം- പദ്ധതി

പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം. : 104/16(സ്പിൽ ഓവർ)

എസ്റ്റിമേറ്റ് : 1,16,955/-(വികസനഫണ്ട്)

50,000/-(ധനകാര്യകമ്മീഷൻ)

ആകെ :1,66,955/-

ചെലവ് : (1) 1,16,955/-(ബിൽ നം.20/15-16/24.2.16)

50,000/-(ബിൽ നം.16/15-16/22.2.16)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 104/16(സ്പിൽ ഓവർ) പ്രകാരം കുമ്മിൾ ആയുർവേദ ഡിസ്പെൻസറിയിൽ കുഴൽക്കിണർ നിർമ്മിച്ച് ജലവിതരണസംവിധാനമൊരുക്കുന്നതിനായി ഡെപ്പോസിറ്റ് വർക്ക് എസ്റ്റിമേറ്റ് പ്രകാരം 1,66,955/- രൂപ ഭൂജലവകുപ്പ്, കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി. ഇതു സംബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ കുഴൽക്കിണർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലവിതരണസംവിധാനത്തിന്റെ പണികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-3 മരാമത്ത് പണികളിൽ കാലതാമസം-പിഴ ഈടാക്കിയില്ല-76,964/-രൂപയുടെ നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പണികളിൽ കാലതാമസം നേരിട്ടിട്ടുണ്ട്.കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പണിപൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കാലതാമസത്തിന് ആദ്യ മൂന്ന് മാസം ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടുന്ന പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

(എ) തൃക്കണ്ണാപുരം -പുള്ളിപ്പച്ച റോഡ് ടാറിംഗ്.

പ്രോജക്റ്റ് നം. 125/16

ചെലവ് : 5,94,309/-(ബിൽ നം.52/15-16/14.3.16)

കരാറുകാരൻ : ശ്രീ മോഹൻദാസ്

എം.ബുക്ക് നം. : 46/14-15

കരാർ തീയതി :16.1.2015

കാലാവധി : മൂന്നുമാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി :15.4.15

പൂർത്തീകരിച്ച തീയതി :22.2.16

പ്രവൃത്തി മൂല്യം :5,94,309/-രൂപ

നിയമാനുസൃത ഇളവിനുശേഷം ഈടാക്കേണ്ട പിഴ:

5.5.15 - 4.8.15 = 5,943

5. – 4.11.15 =11,886

8. -4.2.16 = 11,886

5.2.16 – 22.2.16 = 2,377

ആകെ : 32,092/-രൂപ

(ബി) കുമ്മിൾ ഹൈസ്കൂളിലെ എൽ.പി.വിഭാഗത്തിൽ സ്റ്റേജ് നിർമ്മാണം.

പ്രോജക്റ്റ് നം. :128/16(സ്പിൽ ഓവർ)

ചെലവ് : 3,83,698/-(ബിൽ നം.15/15-16/16.10.2015)

കരാറുകാരൻ :ശ്രീ ജയപാലൻ

എം.ബുക്ക് നം. : 5/15-16

കരാർ തീയതി : 11.11.2015

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി:10.2.2015

പൂർത്തീകരിച്ച തീയതി :25.9.2015

പ്രവൃത്തി മൂല്യം : 3,83,698/-രൂപ

നിയമാനുസൃത ഇളവിനുശേഷം ഈടാക്കേണ്ട പിഴ:

1.3.2015 -31.5.15 = 3,837

1.6.2015 – 31.8.15 = 7,674

1.9.2015 – 25.9.15 = 2,132

ആകെ: 13,643/-രൂപ

(സി) തച്ചോണം -മംഗലം കോളനി-അഞ്ചുമലക്കുന്ന് റോഡ് മെറ്റലിംഗ്.

പ്രോജക്റ്റ് നം. : 127/16

ചെലവ് : 6,04,000/-(ബിൽ നം.19/15-16/30.11.15)

കരാറുകാരൻ : ശ്രീ അനീഷ്

എം.ബുക്ക് നം. : 3/15-16

കരാർ തീയതി: 16.1.2015

പ്രവൃത്തിപൂർത്തീകരിക്കേണ്ട തീയതി:15.4.2015

പൂർത്തീകരിച്ച തീയതി: 4.11.2015

പ്രവൃത്തി മൂല്യം: 6,04,000/-രൂപ

നിയമാനുസൃത ഇളവിനുശേഷം ഈടാക്കേണ്ട പിഴ:

5.5.2015 – 4.8.15 = 6,040

5.8.2015 - 4.11.15 = 12,080

ആകെ: 18,120/-രൂപ

(ഡി) മങ്കാട് യു.പി.എസ്. -കറുത്തതടം റോഡ് മെറ്റലിംഗ്.

പ്രോജക്റ്റ് നം. : 126/16

ചെലവ് : 5,47,595/-രൂപ(ബിൽ നം.14/15-16/16.1.2015)

കരാറുകാരൻ : ശ്രീ അനീഷ്

എം ബുക്ക് നം. : 1/15-16

കരാർ തീയതി : 16.1.2015

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി:15.4.2015

പൂർത്തീകരിച്ച തീയതി: 25.8.2015

പ്രവൃത്തി മൂല്യം: 5,47,595/-രൂപ

നിയമാനുസൃത ഇളവിനുശേഷം നൽകേണ്ട പിഴ:

5.5.2015 – 4.8.15 = 5,476

5.8.2015 - 25.8.15 = 2,555

ആകെ : 8,031/-രൂപ

(ഇ) മീൻമുട്ടി റോഡ് ടാറിംഗ്.

പ്രോജക്റ്റ് നം. : 124/16

ചെലവ് : 6,34,768/-രൂപ(ബിൽ നം.9/15-16)

കരാറുകാരൻ : ശ്രീ എ.സലീം

കരാർ തീയതി : 5.2.2015

എം.ബുക്ക് നം. : 39/14-15

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി:4.5.2015

പൂർത്തീകരിച്ച തീയതി: 4.8.2015

നിയമാനുസൃത ഇളവിനുശേഷം ഈടാക്കേണ്ട പിഴ :

25.5.2015 – 4.8.15 = 5,078/-രൂപ

ആകെ മൊത്തം ഈടാക്കേണ്ട പിഴ= 76,964/-രൂപ

പിഴയിനത്തിൽ ഈടാക്കേണ്ട 76,964/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

3-4 റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ച - 87,958/-രൂപയുടെ നഷ്ടം.

2015-16-ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാർക്ക് ഫൈനൽ ബില്ല് തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rateന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് കരാറുകാർക്ക് നൽകാവുന്ന നിരക്ക് 7756.68/m3 ആണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു.
1:2:4 റോഡ് കോൺക്രീറ്റിംഗിന് എം. ക്യൂബിന് 8172.30 രൂപ നിരക്കിൽ കരാറുകാർക്ക് ഫൈനൽ ബില്ല് തയ്യാറാക്കി തുക അനുവദിച്ചത് മൂലമുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

ക്രമ നം.	പ്രോജക്റ്റ്നം./പേര്	കരാറുകാരന്റെ പേര്/ എം.ബുക്ക് നം.	ബിൽ നം./തീയതി	ചെയ്ത അളവ് ക്യൂബിക് മീറ്ററിൽ /നൽകിയ തുക (@8172.3/-രൂപ)	അർഹമായ തുക (@7756.68/-രൂപ)	നഷ്ടം
1.	48/16, നെല്ലിവിള-പനമൂട് റോഡ് കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (1%കുറവ്), 47/15-16	65/15-16 /29.3.16	9.55/77,265	73,336	3,929
2.	47/16, ഉണ്ണിമുക്ക്-	ശ്രീ സുരേഷ് കുമാർ (0.1%കുറവ),	66/15-16 /29.3.16	11.46/93,561	88,803	4,758

	പെരുവണ്ണാമൂല റോഡ്കോൺക്രീറ്റിംഗ്	54/15-16				
3.	49/16, നെല്ലിമൂട്-കൊണത്തുവാതുക്കൽ റോഡ്കോൺക്രീറ്റിംഗ്	ശ്രീ കൃഷ്ണൻ നായർ (0.1%കുറവ്), 53/15-16	62/15-16	8.67/ 70783	67,183	3,600
4.	62/16, നെല്ലിക്കാട്-തച്ചോണംക്ഷേത്രം റോഡ്കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (0.52%കുറവ്), 51/15-16	68/15-16 /29.3.16	7.22/58,697	55,712	2,985
5.	53/16, മങ്കാട് യു.പി.എസ്-വാലുപച്ച റോഡ്കോൺക്രീറ്റിംഗ്	ശ്രീ മഹേഷ് കുമാർ (എസ്റ്റിമേറ്റ് നിരക്ക്), 43/15-16	25/15-16 /31.12.15	7.20/58,840	55,848	2,992
6.	75/16, പുല്ലുപണ-ഇരട്ടക്കുളം കോളനി റോഡ്കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (0.5%കുറവ്), 39/15-16	54/15-16 /15.3.16	9.64/78,337	74,737	3,650
7.	59/16, വട്ടത്താമര-കട്ടക്കാലിൽ റോഡ്കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (1%കുറവ്), 46/15-16	67/15-16 /29.3.16	7.05/57,039	54,138	2,901
8.	45/16, തേൻമാംമൂട്-മണലുവിള റോഡ്കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (0.5%കുറവ്), 45/15-16	60/15-16 /29.3.16	4.50/36,591	34,888	1,703
9.	70/16, പാറമുകൾ-ചെറുകോട് റോഡ്കോൺക്രീറ്റിംഗ്	ശ്രീ നാസറുദ്ദീൻ (2%കുറവ്), 49/15-16	68/15-16 /29.3.16	6.90/55261	52,451	2,810

10.	69/16, പുതുക്കോട്ഏലാ-മാങ്കോട് റോഡ്കോൺക്രീറ്റിംഗ്	ശ്രീസുനിൽദത്ത് (0.05%കുറവ്), 9/15-16	23/15-16 /21.12.15	14.25/1,16,397	1,10,477	5,920
11.	43/16, തൃക്കണ്ണപുരം-അഗ്രോസെന്റർ റോഡ് കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (0.71%കുറവ്), 43/16	76/15-16 /29.3.16	4.87/39,516	37,507	2,009
12.	61/16, കണ്ണംകോട്-മുല്ലക്കര ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്	ശ്രീ മോഹൻദാസ് (0.75%)കുറവ്, 61/16	78/15-16 /31.3.16	4.79/38,851	36,876	1,975
13.	54/16, തുളസിമുക്ക് ഇളവുംകോങ്കൽ റോഡ്കോൺക്രീറ്റിംഗ്	ശ്രീ മഹേഷ് കുമാർ (എസ്റ്റിമേറ്റ് നിരക്ക്), 44,15-16	55/15-16 /17.3.16	6.52/53,283	50,574	2,709
14.	67/16, കരിയിലപ്പച്ച കോളനി റോഡ്കോൺക്രീറ്റിംഗ്	ശ്രീചന്ദ്രശേഖരക്കുറുപ്പ് (0.01%കുറവ്),36/15-16	46/15-16 /29.2.16	5.04/41,184	41,184	2,094
15.	167/16, കാക്കോട്ടുപച്ച-പ്ലാവറപ്പൊയ്ക റോഡ്കോൺക്രീറ്റിംഗ്	ശ്രീവാസുദേവക്കുറുപ്പ് (0.25%കുറവ്), 27/15-16	37/15-16 /30.1.16	4.38/35,705	33,889	1,816
16.	74/16, സംഭ്രമംകോളനി റോഡ് കോൺക്രീറ്റിംഗ്	ശ്രീ ഷിഹാദ് (0.52%കുറവ്)	47/15-16 /29.2.16	4.86/39,511	39,511	2,010
17.	57/16,	ശ്രീഅനീഷ്	29/15-16	7.20/58,841	55,848	2,993

	കൊച്ചാലുമ്മൂട്-മംഗ്ലാവിൽ റോഡ്കോൺക്രീറ്റിംഗ്	(എസ്റ്റിമേറ്റ് നിരക്ക്), 12/15-16	/31.12.15			
18.	44/16, സ്വാമിമുക്ക്-ചിങ്ങേലിക്കുളം റോഡ്കോൺക്രീറ്റിംഗ്	ശ്രീശാന്തി (1% കുറവ്), 17/15-16	34/15-16 /21.1.16	12.23/98,948	93,916	5,032
19.	52/16, ഊന്നൻകല്ല് തൈയ്ക്കാവുമുക്ക് കുശവൂർകോണം റോഡ്കോൺക്രീറ്റിംഗ്	അനീഷ് (എസ്റ്റിമേറ്റ്നിരക്ക്, 15/15-16	27/15-16 /31.12.15	6.90/56,389	53,521	2,868
20.	72/16, അമ്പലംമുക്ക്-കണ്ണംകുളം റോഡ്കോൺക്രീറ്റിംഗ്	ശ്രീചന്ദ്രശേഖരക്കുറുപ്പ് (0.25%കുറവ്), 29/15-16	36/15-16 /30.1.16	9.63/78,502	74,510	3,992
21.	58/16, മഹാദേവരുപച്ച ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്	ശ്രീവാസുദേവക്കുറുപ്പ് (0.12%കുറവ്), 28/15-16	38/15-16 /30.1.16	2.48/20,243	19,213	1,030
22.	46/16,പാങ്ങലുകാട്-മരുത്തടിവിള റോഡ്കോൺക്രീറ്റിംഗ്	ശ്രീസലാഹുദ്ദീൻ (എസ്റ്റിമേറ്റ്നിരക്ക്), 2/15-16	13/15-16 /29.9.15	6.75/55,163	52,358	2,805
23.	40/16,കുമ്പളം-കല്ലുതേരി റോഡ്കോൺക്രീറ്റിംഗ്	ശ്രീ പ്രസന്നകുമാരി (0.01%കുറവ്)	35/15-16 /21.1.16	9/73,543	69,810	3,733
24.	160/16,ഊന്നൻകല്ല്-ആണയിൽ റോഡ്കോൺക്രീറ്റിംഗ്	ശ്രീ മനോജ് (10.1%കുറവ്)	19/15-16 /30.10.15	4.95/36,367	34,518	1,849

25.	68/16, കോങ്കലിൽ-കുഴിത്തവിള റോഡ്കോൺക്രീറ്റിംഗ്	ശ്രീ അനീഷ് (എസ്റ്റിമേറ്റ് നിരക്ക്)	28/15-16 /31.12.15	7.62/62,273	59,106	3,167
26.	41/16, കോഞ്ചിറമുക്ക്-വെള്ളൂർ ഏലാ റോഡ്കോൺക്രീറ്റിംഗ്	ശ്രീ ഹലാധിനാഥൻ (എസ്റ്റിമേറ്റ് നിരക്ക്	25/15-16 /31.12.15	7.20/58,841	55,848	2,993
27.	42/16, പള്ളിമുക്ക്-ടാൻസ്റ്റോമർ റോഡ്കോൺക്രീറ്റിംഗ്	ശ്രീ കൃഷ്ണൻ നായർ (0.10%കുറവ്)	21/15-16 /14.12.15	9.64/78,701	74,700	4,001
28.	55/16,കാക്കോട്ടുപച്ച-കിഴങ്ങുവിള റോഡ്കോൺക്രീറ്റിംഗ്	ശ്രീ കൃഷ്ണൻ നായർ (0.2% കുറവ്)	33/15-16 /21.1.16	6.90/56,276	53,414	2,862
29.	39/16, മുക്കട-ഹെൽത്ത് സെന്റർ റോഡ്കോൺക്രീറ്റിംഗ്	ശ്രീ അനീഷ് (എസ്റ്റിമേറ്റ് നിരക്ക്	24/15-16 /31.12.15	6.67/54,509	51,737	2,772
	ആകെ					87,958

റോഡ് കോൺക്രീറ്റിംഗിൽ മേൽ സൂചിപ്പിച്ച പ്രകാരം അധികനിരക്ക് നൽകിയത് മൂലമുണ്ടായ 87,958/-രൂപയുടെ നഷ്ടം നിർവ്വണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ, ബ്ലോക്ക് തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-5 <u>ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം നൽകിയത്-വിനിയോഗസാക്ഷ്യപത്രമില്ല.</u>

സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം.93/16 പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും 1,50,000/-രൂപബിൽ നം. 21/15-16/24.2.2016 മുഖേന കൊല്ലം ജില്ലാ കലക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിനുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട്

1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

3-6 ലഹരിവിമുക്ത പഞ്ചായത്ത് - പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു

മെഡിക്കലാഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ലഹരിവിമുക്ത പഞ്ചായത്ത് (പദ്ധതി നമ്പർ എസ്.ഒ.-111/2016) എന്ന പദ്ധതിയിലാണ് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചത്.

ഫണ്ട്	13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്
അടങ്കൽ	179,825-
ചെലവ്	18,050/-
ബിൽ നമ്പർ, തീയതി	13/2016 28.03.2016

സ.ഉ.(എം.എസ്.)362/13/ത.സ്വ.ഭ.വ. 16.11.2013 ഖ:7.7 ഉൽപ്പാദന പരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉൽസവങ്ങൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല എന്നിരിക്കെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് വിളംബര ഘോഷയാത്രകളും സെമിനാറുകളും മാജിക് ഷോയും സംഘടിപ്പിച്ചിരിക്കുന്നു. എന്നാൽ കേവലം സെമിനാറിനും മാജിക് ഷോയ്ക്കും ഘോഷയാത്രയ്ക്കുമപ്പുറം മറ്റ് നടപടികൾ സാവീകരിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയിറി നമ്പർ 09/20.01.2016 ന് നൽകിയ മറുപടിയിൽ സർക്കാർ പോളിസിക്കനുസരിച്ച് പഞ്ചായത്തിനെ ഒരു ലഹരി വിമുക്ത പഞ്ചായത്ത് ആയി മാറ്റിയെടുക്കുന്നതിനാണ് വിളംബര ഘോഷയാത്രകളും സെമിനാറുകളും മാജിക് ഷോയും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരിക്കുന്നത് എന്ന മറുപടി അംഗികരിക്കാവുന്നതല്ല 12-ാം പഞ്ചവൽസരപദ്ധതി – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗരേഖ ജി.ഒ.(എം.എസ്.)225/12/ ത.സ്വ.ഭ.വ. 18.08.2012 ഖ:11.13 (v) അനുസരിച്ച് ആസൂത്രണമാർഗരേഖയും സാങ്കേതിക മാർഗരേഖയും പ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം നിർവ്വഹണോദ്യോഗസ്ഥനാണ്.

ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചിരിക്കുന്ന തുക നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

3-7 പാലിയേറ്റീവ് പദ്ധതി മരുന്നുവാങ്ങൽ–10,961/--രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ലിയേറ്റീവ് പദ്ധതിയ്ക്ക് (പ്രോ.നം.23/16) 53,052/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും (ബിൽ നമ്പർ 12/2015-2016) നാളിതുവരെ 42,091/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പി.എഫ് ആർ നമ്പർ/ തുക	ലഭ്യമായ മരുന്ന് ഇൻവോയ്സ് നം.തീയതി.	ലഭ്യമാകാനുള്ള മരുന്നിന്റെ വില.
പി.എഫ് ആർ.നം 3960/16.03.2016 തുക-32,600/-	ഇൻവോയ്സ് 2913/06.09.2016 29238/-	3,362/-
പി.എഫ് ആർ.നം 3961/16.03.2016 തുക-10,140/-	ഇൻവോയ്സ് 2912/06.09.2016 7,461/-	2,499/-

പി.എഫ് ആർ.നം 3962/16.03.2016 തുക-10,312/-	ഇൻവോയ്സ് 2974/31.08.2016 5,212/-	5,100/-
	ആകെ	10,961/-

മരുന്നുകൾ ലഭ്യമാകത്തതിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധമായ രേഖാമൂലമുള്ള മറുപടി ഓഡിറ്റന്വേഷണത്തിന് (നമ്പർ 09/20.01.2016)എത്രയും വേഗം ലഭ്യമാക്കാമെന്ന് കാരുണ്യകമ്മ്യൂണിറ്റി ഫാർമസി ഇ-മെയിൽ മുഖേന അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.ലഭ്യമാകാത്ത മരുന്നുകളുടെ വിലയിനത്തിൽ ഒടുക്കിയ 10,961/--രൂപ_ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

3-8 <u>പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണസ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്ന ശേഷിയുള്ളവർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ എന്ന പദ്ധതിയിലാണ് പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുന്നത്.

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ജില്ലാതല സംയോജിത പദ്ധതിയായ ഭിന്ന ശേഷിയുള്ളവർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ (പദ്ധതി നമ്പർ 154/2016) എന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ06/2015-2016 തീയതി11/02/2016 പ്രകാരം 1,50,000/- രൂപ ഡി.ഡി. നമ്പർ 829135/16.02.2016) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നോ പൂർത്തീകരണ സാക്ഷ്യ പത്രമോ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/20.01.2016 ന് പൂർത്തീകരണ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-9 <u>നാലാം തരം തുല്യത –പാഠപുസ്തക വിതരണം പരീക്ഷയ്ക്കുശേഷം</u>

പ്രോജക്ട്നം -18/16

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

തനത് ഫണ്ട്-98528 രൂപ

14 വാർഡുകളിലെ 280 വിദ്യാർത്ഥിക്കൾക്ക് സാക്ഷരതാമിഷനിൽ നിന്നും പാഠപുസ്തകം ലഭ്യമാക്കി നിശ്ചിത കാലയാളവിൽ പഠനവും പരീശീലനവും നൽകി സാക്ഷരരാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി പ്രകാരം 2015 ജൂൺ 7ാം തീയതി നാലാം തരം തുല്യത പരീക്ഷ നടന്നിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച വിഷയങ്ങൾ

1. 2015 ജൂൺ 7ാം നടന്ന പരീക്ഷയുടെ മൂല്യനിർണ്ണയവും,മാർക്ക് ക്രോഡീകരണ ഫോറം എന്നിവ കോർഡിനേറ്റർ,വാല്യുവേഷൻ സൂപ്രണ്ട്,അതുല്യം മേഖലാ കോർഡിനേറ്റർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.14 വാർഡുകളിലെയും ഇൻസ്ട്രക്ടർമാർ 8.6.15 നാണ് (പരീക്ഷ തീയതിക്ക് ശേഷം)സാക്ഷരതാമിഷൻറെ പാഠപുസ്തകം കൈപ്പറ്റിയിട്ടുള്ളത്.2015 മാർച്ച് മുതൽജൂൺ വരെ 4 മാസത്തേക്ക് 1000/- രൂപ നിരക്കിൽ 14 വാർഡിലേക്ക് 56000 (14X4X1000) ആണ് അനുവദിച്ചിട്ടുള്ളത്. പാഠപുസ്തകം ലഭ്യമല്ലാതിരുന്ന കാലയളവിൽ അധ്യാപനത്തിനായി 56000/-ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.(ഡിഡിനം 171893/3.10.15)

3.300 പുസ്തകങ്ങൾ വാങ്ങിയതി ന് 50 രൂപ നിരക്കിൽ 15000 രൂപ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്(ഡിഡി നം 171892/3.10.15 SBT കടയ്ക്കൽ) പുസിതകങ്ങളുടെ സ്റ്റോക്ക് വിശദാംശങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയില്ല. നാലാം തരം തുല്യത പരീക്ഷയ്ക്കു ശേഷം പാഠപുസ്തകം വിതരണം ചെയ്തിട്ടുള്ളതിനാൽ തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. പദ്ധതി ചെലവ് 98528 രൂപ തടസ്സപ്പെടുത്തുന്നു.

3-10 <u>എസ്.എസ്.എ. വിഹിതം വിനിയോഗ വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്, ഗവ. യു.പി.എസ്. മങ്കാട്

വികസന ഫണ്ട് - 9,10,000/-

ബിൽ നമ്പർ 01/15-16 തീയതി, 22.09.2015 – 6,35,000/-
പ്രോജക്ട് നമ്പർ 06/16

ബിൽ നമ്പർ 02/15-16 തീയതി, 22.09.2015 – <u>2,75,000/-</u>
പ്രോജക്ട് നമ്പർ 12/16 9,10,000/-

ജനറൽ വിഭാഗത്തിൽ 6,35,000/- രൂപയും (ഡി.ഡി. നമ്പർ 807308/22.09.2015, എസ്.ബി.റ്റി. കടയ്ക്കൽ) എസ്.സി.പി. വിഭാഗത്തിൽ 2,75,000/- രൂപയും (ഡി.ഡി. നമ്പർ 807307/22.09.2015, എസ്.ബി.റ്റി. കടയ്ക്കൽ) ഉൾപ്പെടെ ആകെ 9,10,000/- രൂപ എസ്.എസ്.എ. വിഹിതമായി ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ. കൊല്ലം പേർക്ക് നൽകിയിട്ടുണ്ട്.

2015-16 ൽ വിദ്യാഭ്യാസോന്മുഖമായ പ്രവർത്തനങ്ങൾക്ക് നിശ്ചയിക്കപ്പെട്ട 3389491/- രൂപയുടെ 35% (തദ്ദേശസ്വയംഭരണ വകുപ്പ് വിഹിതം) തുക 1186322/- രൂപ എസ്.എസ്.എ. വിഹിതം ആവശ്യപ്പെക്കതനുസരിച്ചാണ് തുക ഒടുക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (എം.എസ്.) നം. 362/13/തസ്വഭവ തീയതി, 16.11.2013 അനുബന്ധം 1(6)ii പ്രകാരം എസ്.എസ്. യും തദ്ദേശസ്വയംഭരണ സ്ഥാപനവും ചേർന്ന് വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെയാണ് അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ പദ്ധതി രൂപീകരണ പ്രക്രിയയിൽ ഇടപെടാതെ ആവശ്യമായ വിഹിതം ഒടുക്കുക മാത്രമാണ് സ്ഥാപനം ചെയ്തിട്ടുള്ളത്.

2. പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ 35% രൂപയാണ് സ്ഥാപനം ഒടുക്കേണ്ടത്. ആ നിലയ്ക്ക് കുമ്മിൾ ഗ്രമാപഞ്ചായത്തിലെ 2015-16 ൽ എസ്.എസ്.എ. പദ്ധതിയ്ക്ക്

ആകെ 26,00,000/- രൂപ ചെലവഴിക്കപ്പെടുന്നതിന് അർഹമായ വിഹിതമാണ് നൽകിയിട്ടുള്ളത്. (26,00,000 x 35% - 9,10,000) 16,90,000/- രൂപ ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും അനുപൂരകമായി ചെലവഴിക്കപ്പെടേണ്ടതുമാണ്.

2015-16 ൽ ഗ്രമാപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ എസ്.എസ്.എ. വിഹിതം അനുവദിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. തന്മൂലം പദ്ധതി പ്രവർത്തനം, തുകയുടെ വിനിയോഗം, അനുപാതം എന്നിവ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനും (നം.4/19.01.2017) തൃപ്തികരമായ മറുപടി ലഭിച്ചില്ല.

3. എസ്.എസ്.എ. വിഹിതം ഉപയോഗപ്പെടുത്തിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജാരാക്കിയിട്ടില്ല.

4. സർക്കാർ ഉത്തരവ് (എം.എസ്.) നം. 362/13 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള ധനവിനിയോഗ നിബന്ധനകൾ പാലിച്ചുള്ള പ്രോജക്ടാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയുടെ ശരിയായ വിനിയോഗം വിലയിരുത്തുന്നതിന്, നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യമായ രേഖകൾ പരിശോധിച്ചിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ഇതിലേയ്ക്ക് ചെവഴിച്ച 9,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വരും വർഷങ്ങളിൽ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വിധേയമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-11 <u>ക്ലബ്ബുകൾക്ക് കളിയുപകരണങ്ങൾ - നടപടിക്രമങ്ങൾ സുതാര്യമല്ല.</u>

പ്രോജക്ട് നമ്പർ - 106/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്

13-ാം ധനകാര്യ കമ്മീൻ - 124730/- (12500) 20 ക്ലബ്ബുകൾക്ക്

ബിൽ നമ്പർ 05/15-16 തീയതി, 28.10.2015 – 124730/-

പഞ്ചായത്ത് തല കേരളോത്സവത്തിൽ പങ്കെടുത്ത ഷട്ടിൽ ബാഡ്മിന്റൺ, ഷട്ടിൽ കോക്ക്, നെറ്റ്, ക്രിക്കറ്റ് ബാറ്റ്, ബാൾ, വോളിബോൾ, നെറ്റ്, ചെസ്സ് ബോർഡ് എന്നിവ കിക്കോ സ്പോർട്സ്, അടൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്.

അപാകതകൾ

1. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ, സ്വന്തമായി കെട്ടിടം ഉള്ളതാണോ, കായികാഭിരുചിയും കളിസ്ഥലവും ലഭ്യമുള്ളതാണോ, ആവശ്യകതാ നിർണ്ണയം തുടങ്ങിയ വിശദാംശങ്ങൾ ഫയലിനോടൊപ്പം നൽകിയില്ല.

2. കിക്കോ സ്പോർട്സിൽ നിന്നും 30.09.2015 ലെ ഇൻവോയ്സ് നം 815 പ്രകാരം നെറ്റ് - 15, ഷട്ടിൽ കോക്ക് -15, ക്രിക്കറ്റ് - 15, ക്രിക്കറ്റ് ബാറ്റ് - 24, ടെന്നീസ് ബാൾ - 20, വോളി
- 15, നെറ്റ് -15, ചെസ്സ് ബോർഡ് - 10 എന്നിവ വാങ്ങിയതിന് നികുതി ഉൾപ്പെടെ

124730/- (ഡി.ഡി. നമ്പർ 807961/28.10.2015, എസ്.ബി.റ്റി. കടയ്ക്കൽ) നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് 27) ബാഡ്മിന്റൺ മാത്രേ രേഖപ്പെടുത്തിയിട്ടുള്ളൂ. മറ്റ് വിവരങ്ങളോ, ക്ലബ്ബുകൾക്ക് വിതരണം ചെയ്തതോ സൂചിപ്പിച്ചിട്ടില്ല.

3. 30 ബാഡ്മിന്റന്റെ (YONEX 6000) വില നികുതി ഉൾപ്പെടെ 49500/- (1650x30) കഴിച്ച് ബാക്കി തുക 75230/- വിനിയോഗിച്ചതിന്, സ്റ്റോക്ക് - വിതരണ വിവരങ്ങൾ നൽകിയിട്ടില്ല.

നടപടിക്രമങ്ങളിലെ അപാകത മൂലം ഈ ഇനത്തിൽ ചെലവഴിച്ച 124730/- തടസ്സപ്പെടുത്തുന്നു.

3-12 <u>പച്ചക്കറി കൃഷി - പദ്ധതി നിർവ്വഹണം മാർഗ്ഗരേഖയ്ക്ക് അനുസൃതമായി</u>

പ്രോജക്ട് നമ്പർ - 20/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

''പച്ചക്കറി കൃഷി - ഗ്രോബാഗ്''

ബിൽ നമ്പർ - 5/15-16 തീയതി, 26.03.2016 – 66875/- രൂപ

വികസന ഫണ്ട് 1,25,000/- രൂപ, ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് 1,05,000/- രൂപ എന്നിവ ഉൾപ്പെടെ 2,30,000/- രൂപ അടങ്കൽ വകയിരുത്തിയ പദ്ധതി, 200 ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയിൽ പച്ചക്കറിവിത്തും ഗ്രോബാഗ് (ഒരാൾക്ക് 25 എണ്ണം), ജൈവവളം എന്നിവ യഥാക്രമം 50%, 75% സബ്സിഡിയിലും ലഭ്യമാക്കുവാൻ ഉദ്ദേശിച്ചിരുന്നു. പ്രോജക്ടിൽ 200 പേർക്ക് 25 ഗ്രോബാഗ് വീതം 5000 ഗ്രോബാഗുകൾക്ക് 25/- രൂപ നിരക്കിൽ 1,25,000/- രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതി വിഹിതവും ഗുണഭോക്തൃ വിഹിതവും 62,500/- രൂപ വീതം ചെലവഴിക്കുന്നതിനാണ്.

107 ഗുണഭോക്താക്കൾക്കാണ് പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുള്ളത്. അതിലേയ്ക്ക് ഒരു യൂണിറ്റിന് 5 പച്ചക്കറി കിറ്റ് വീതം വാങ്ങിയതിന് 13,375/- രൂപ (107@25/-), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊട്ടാരയ്ക്ക് നൽകിയിട്ടുണ്ട്. (ഡി.ഡി. നമ്പർ 398094/19.04.2016 – 13375/-) പ്രാദേശികമായ ജൈവളം വാങ്ങിയതിന് 312.50/- രൂപ വീതം (50 % of 625/-) 33,437.50/- രൂപയും ഉൾപ്പെടെ 53500/- രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിയിട്ടുണ്ട്. പദ്ധതി അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൊല്ലം എഫ്.സി.എം.സി. യുടെ വിവിധ ബിൽ നമ്പരുകളിൽ ഗ്രോബാഗ് വാങ്ങിയിട്ടുള്ളത്. മുഴുവൻ തുകയും ഗുണഭോക്താവ് നൽകിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് അർഹമായ തുകയാണ് ബാങ്ക് അക്കൗണ്ടിലൂടെ നൽകിയത്. ഇത് ശരിയായ നടപടിയല്ല. സബ്സിഡി പണമായി നൽകുവാൻ പാടില്ലാ എന്ന നിർദ്ദേശത്തിന് വിരുദ്ധമാണ് ഇത്. ഗുണഭോക്താവിന് അർഹമായ സബ്സിഡി തുക സ്ഥാപനത്തിന് നൽകുകയും ബാക്കി അയാൾ നേരിട്ട് വഹിക്കേണ്ടതുമാണ്.

2. ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് മുഖേന തുക നൽകിയത് സംബന്ധിച്ച് ആധികാരിമായ രേഖകൾ സമർപ്പിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ/ പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയതിനാലും, ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും സബ്സിഡിയിനത്തിൽ നൽകിയ തുക 53,500/- രൂപ തടസ്സപ്പെടുത്തുന്നു.

3-13 സ്വന്തം പേരിൽ ഓട്ടോറിക്ഷ ഉള്ള ആൾക്ക് ഓട്ടോ വാങ്ങാൻ ധനസഹായം **50000/-** രൂപ

പ്രോജക്ട് നമ്പർ - 157 / 16

ഓട്ടോറിക്ഷ നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വികസന ഫണ്ട് - 550000 (എസ്.സി.പി)

എസ്. ബി. റ്റി കുമ്മിൾ ശാഖയുമായി ചേർന്ന് നടപ്പാക്കിയ വായ്പാ ബന്ധിത പ്രോജക്ടിൽ 11 ഗുണഭോക്താക്കൾക്ക് @50000/- വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നുള്ള ധനസഹായ തുക ബാങ്ക് എൻഡഡ് സബ്സിഡിയായി ബാങ്കിൽ ഒടുക്കിയിട്ടുള്ളതാണ്. ബാങ്കിന്റെ 22.12.2015 AG M 11 / KLM / GEN കത്ത് പ്രകാരം ലോൺ അനുവദിച്ചതിൽ ശ്രീ. ബാജി. ജി, പാറവിള പുത്തൻവീട്, പുല്ലുപണ, കുമ്മിൾ എന്ന ഗുണഭോക്താവിന് വേണ്ടി 50000/- രൂപ ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. (ബിൽ നം. 05 / 29.12.2015, രൂപ – 250000/-, ഡി.ഡി. നം. 447456 / 29.12.2015 – രൂപ – 250000/- എസ്.ബി.റ്റി - കടയ്ക്കൽ) എന്നാൽ സബ്സിഡി അനുവദിച്ചതിൽ അപാകത കാണപ്പെടുന്നു.

1. സ്വയംതൊഴിലിന് സഹായമോ, മറ്റേതെങ്കിലും വരുമാനമോ ഉള്ളവർ പദ്ദതി ആനുകൂല്യത്തിന് അർഹരല്ല. എന്നാൽ ശ്രീ. ബാജി, കല്ലിംഗൽ ഓട്ടോമൊബൈൽസിൽ നിന്നും 02.05.2014 -ൽ (2014-15) തന്റെ പേരിൽ KL 24 H 7686 എന്ന ഓട്ടോറിക്ഷ വാങ്ങിയിട്ടുള്ളതും ഉപയോഗിച്ച് വരുന്നതുമാണ് എന്ന് ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

2. പദ്ധതി പ്രകാരം ശ്രീ. ബാജിക്ക് 28.01.2016 -ലാണ് KL 24 L 3185 എന്ന പേരിൽ ബജാജ് ഓട്ടോറിക്ഷ കല്ലിംഗൽ ഓട്ടോമൊബൈൽസിൽ നിന്നും നൽകിയിട്ടുള്ളത്. സ്വന്തം പേരിൽ ഓട്ടോറിക്ഷ ഉപയോഗിച്ചു വരുന്ന ആൾക്ക് ഇതേ ആവശ്യത്തിന് പദ്ധതി ആനുകൂല്യം നൽകിയത് അംഗീകരിക്കാവുന്നതല്ല. അർഹതയുള്ള മറ്റൊരു ഗുണഭോക്താവിന്റെ സാദ്ധ്യത നഷ്ടപ്പെടുകയാണ് ചെയ്തത്. അന്വേഷണത്തിൽ ഗുണഭോക്താവ് പദ്ധതിപ്രകാരം ലഭിച്ച ഓട്ടോറിക്ഷ സ്വന്തമായി ഉപയോഗിക്കാതെ സ്വകാര്യ വ്യക്തിക്ക് നൽകിയിരിക്കുകയുമാണ്.

3. പദ്ധതി നിർദ്ദേശങ്ങൾ അനുസരിച്ച് ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവരായിരിക്കണം ഗുണഭോക്താക്കൾ. ഫയലിനോടൊപ്പം ഹാജരാക്കിയതും 28.06.2014 -ൽ ഇഷ്യു ചെയ്തതുമായ ലൈസൻസ് നം. 24 / 2908 / 2003 പ്രകാരം ശ്രീ. ബാജിക്ക് ബാഡ്ജ് അനുവദിച്ചിട്ടില്ല.

ഇതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13 / 21.01.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി തൃപ്തികരമല്ല. അനർഹമായി അനുവദിച്ച തുക

ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കാവുന്നതാണ്.

3-14 പ്രോജക്ടിൽ പരാമർശിക്കാത്ത ഗ്രന്ഥശാലകൾക്ക് പുസ്തക വിതരണം **- 26252/-** രൂപ

പ്രോജക്ട് നമ്പർ - 08 / 16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

വികസന ഫണ്ട് - 105000 (ബിൽ നം. 03 / 15-16, തീയതി. 22.09.2015 – 105000)

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്തതും ലൈബ്രറി കൗൺസിൽ അംഗീകാരം ഉള്ളതുമായ ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. അപാകതകൾ ചേർക്കുന്നു.

1. ഗ്രന്ഥശാലകൾ ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളതാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

2. പുസ്തകം വാങ്ങുന്നത് സംബന്ധിച്ച് ഗ്രന്ഥശാലകളുടെ ആവശ്യകതാ വിവരങ്ങൾ നൽകിയില്ല.

3. തൻവർഷം, ലൈബ്രറി കൗൺസിൽ ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

4. പദ്ധതിയിൽ ഉൾപ്പെടാത്ത ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകി.

ഗ്രന്ഥശാലയുടെ പേര്	പുസ്തകം	ബിൽ നം.	തുക
നവോദയ, ഈട്ടിമൂട്	142	000284 / 13.09.2015	13125
FMLAC, പാങ്ങോട്	146	000281 / 13.09.2015	13127
			39391

കറന്റ് ബുക്സിന്റെ തിരുവനന്തപുരം ശാഖയിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയതിന് ആകെ 105000/- (ഡി.ഡി. നം. 807309 / 22.09.2015 – എസ്.ബി.റ്റി, കടയ്ക്കൽ) നല്കിയിട്ടുണ്ട്. മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 105000/- തടസ്സപ്പെടുത്തുന്നു.

3-15 റിവോൾവിംഗ് ഫണ്ട് **-** അനുവദിച്ച തുക പരിമിതം **-** പദ്ധതി നിർവ്വഹണം ക്രിയാത്മകമാകുന്നില്ല**.**

പ്രോജക്ട് നമ്പർ - 163 / 16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വികസന ഫണ്ട് - 84000/- രൂപ

13-ാം ധനകാര്യ കമ്മീഷൻ 1,24,800/- രൂപ, വികസന ഫണ്ട് 376200/- രൂപ ഉൾപ്പെടെ 501000/- രൂപ പദ്ധതിക്ക് വകയിരുത്തിയത് 167 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 3000/- രൂപ വീതം നൽകുന്നതിനാണ്. 28 ഗ്രൂപ്പുകൾക്ക് ബാങ്കുകൾ മുഖേന 3000/- വീതം 84000/- ആണ് പദ്ധതി ചെലവ്.

സർക്കാർ ഉത്തരവ് (എം.എസ്) നം.362/13/തസ്വഭവ 16.11.2013 ഖണ്ഡിക 7.5 പ്രകാരം വായ്പാ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭം പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നത്. റിവോൾവിംഗ് ഫണ്ട് അനുവദിച്ച 28ഗ്രൂപ്പുകൾക്കും പ്രധാനമായും കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ചടയമംഗലം, എസ്.സി.ബി. കുമ്മിൾ, എസ്.ബി.റ്റി. കുമ്മിൾ, എന്നീ ബാങ്കുകളിൽ നിന്ന് വായ്പാ ബന്ധിത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ലോൺ അനുവദിച്ചിട്ടുള്ളതാണ്. 2012-13 മുതൽ 2014-15 വരെ ലോൺ ലഭിച്ച അയൽക്കൂട്ടങ്ങൾക്ക് താരതമ്യേന ചെറിയ തുകയായ 3000/- രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചത് ഫലപ്രദമല്ല.

2015-16 പ്രോജക്ട് സംരംഭത്തിൽ ഏർപ്പെടുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്ക് മാത്രമായി തുക അനുവദിച്ചിരുന്നെങ്കിൽ ഗ്രൂപ്പുകളുടെ എണ്ണം ഇതിലും കുറയുമായിരുന്നു. തദനുസൃതമായി അംഗീകരിച്ച ഭേദഗതികളോടെ ഉയർന്ന നിരക്ക് അനുവദിക്കുന്നതായിരുന്നു ഉചിതം. ഗുണപ്രദമായി പദ്ധതി തുക വിനിയോഗിക്കാൻ കഴിയാത്തത് പാഴ്ചെലവിന് സമാനമാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂഗർഭ ജല വകുപ്പ്	കുമ്മിൾ ആയുർവേദ ആശുപത്രിയിൽ ബോർവെൽ സ്ഥാപിക്കൽ	829373	1,16,955/-	1,16,955/-	സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
		829374	50,000/-	50,000/-	സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകൽ

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടച്ച വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
		മതൽ	പലിശ	
ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി	4,38,00,000	10,95,000		32,85,000

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	30610853
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	45412189
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	2,32,972
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	8,59,674

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3		76,964	അസിസ്റ്റന്റ് എഞ്ചിനീയർ
3-4		87,958	അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-6		18050	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
3-13		50,000	അസിസ്റ്റന്റ് സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	1,66,955	എസ്.സുന്ദരേശൻ പിള്ള സെക്രട്ടറി
3-5	1,50,000	എസ്. സുന്ദരേശൻ പിള്ള സെക്രട്ടറി
3-7	10,961	ഡോ.സജീനാബീവി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
3-8	1,50,000	ശ്രീമതി.ഗിരിജാകുമാരി ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-9	98,528	ശ്രീമതി.എം.നെസിയാനത്ത് പ്രധാന അധ്യാപിക
3-11	1,24,730	ശ്രീമതി.എം.നെസിയാനത്ത് പ്രധാന അധ്യാപിക

3-12	53,500	ശ്രീമതി.ശോഭിതാബീവി. കൃഷി ഓഫീസർ
3-14	1,05,000	ശ്രീമതി.എം.നെസിയാനത്ത് പ്രധാന അധ്യാപിക

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സുധികുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ, കുമ്മിൾ ഗ്രാമ പഞ്ചായത്ത്	സാരംഗി, പൂതക്കുളം (പി.ഒ), പരവൂർ
ഡോ.സജീനാ ബീഗം	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	ഫിർദൗസ്, വലിയകുന്ന്, കിഴുവിലം (പി.ഒ) ആറ്റിങ്ങൽ
	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചടയമംഗലം ബ്ലോക്ക്	ലഭ്യമല്ല.
ശ്രീ.വിനയ ചന്ദ്രൻ	അസിസ്റ്റന്റ് സെക്രട്ടറി, കുമ്മിൾ ഗ്രാമ പഞ്ചായത്ത്.	വിളയിൽ വീട്, വെള്ളാർ വട്ടം, ഇഴമ്പഴന്നൂർ (പി.ഒ) ചടയമംഗലം

4-9 <u>തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

2006-07	എൽ.എഫ്.ക്യു.പി.6-1281/2014/ തീയതി-19.06.2014	4(വകുപ്പ് തല നടപടികൾക്ക് ശുപാർശചെയ്ത ഖണ്ഡികകൾ ഒഴികെ)
2007-08	എൽ.എഫ്.ക്യു.പി.6-1281/2014/ തീയതി-19.06.2014	8
2008-09	എൽ.എഫ്.ക്യു.പി.6-1281/2014/ തീയതി-19.06.2014	8
2009-10 2010-11	എൽ.എഫ്.ക്യു.പി.6-1422/2012/തീയതി 17.01.2013,27.02.2013. എൽ.എഫ്.ക്യു.പി.6-1281/2014/ തീയതി-19.06.2014 (അദാലത്ത്)	9
2011-12 & 2012-13	എൽ.എഫ്.ക്യു.പി.6-1215/2015/ തീയതി-15.09.2015	
2012-13 & 2013-14	കെ.എസ്.എ-കെ.എൽ.എം.പി61168/2016 തീയതി-01.08.2016	

4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി8-380 / 17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 14.02.2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിലെ 4 –ാം വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215 -വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുമ്മിൾ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ

അഭിപ്രായത്തിൽ കുമ്മിൾ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.